പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: T 1935 15.07.16 ൽ മറുപടിക്ക്

## കായലുകളുടെ മലിനീകരണം തടയുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കായലുകളുടെ മൊത്തം വിസ്തീർണ്ണം എത്രയെന്നും അവ സംരക്ഷിക്കുന്നതിനും മലിനീകരണം തടയുന്നതിനും കഴിഞ്ഞ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക ചെലവഴിച്ചു എന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ: | (എ) സംസ്ഥാനത്തെ കായലുകളുടെ വിസ്തീർണ്ണം സംബന്ധിച്ച് ജലസേചന വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല. എന്നാൽ ഐ.എസ്.ആർ.ഒ യുടെ കീഴിലുള്ള നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി, ഹൈദ്രാബാദ് നടത്തിയ പഠനമനുസരിച്ച് കേരളത്തിൽ കായലുകളുടെയും തടാകങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും (ജലസംഭരണി, നദികൾ ഉൾപ്പെടെ) വിസ്തൃതി 1,60,590 ഹെക്ടർ ആയാണ് കണക്കാക്കിയിട്ടുള്ളത്. കായലുകളുടെ സംരക്ഷണ പ്രവർത്തനത്തിനുള്ള പ്രത്യേക പദ്ധതികൾ ജലസേചന വകുപ്പിന്റെ കീഴിലില്ല. എന്നിരുന്നാലും അത്യാവശ്യ ഘട്ടങ്ങളിൽ സംരക്ഷണ പ്രവർത്തികൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ പ്രവർത്തനത്തിനു മാത്രമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രത്യേകിച്ച് തുകയൊന്നും വകയിരുത്തിയിട്ടില്ല. കൂടാതെ മലിനീകരണം തടയുന്നതിനും ജലസേചന വകുപ്പിൽ പ്രത്യേകിച്ച് തുക വകയിരുത്തിയിട്ടില്ല.<br><br>സംസ്ഥാനത്ത് നദികളും പുഴകളും അടക്കമുള്ള ജലസ്രോതസ്സുകളിലെ മലിനീകരണം നിയന്ത്രിക്കുന്നതിനായി ജല നിയമം 1974 പ്രകാരം നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രധാനമായും ജലമലിനീകരണത്തിന് |

ഇടയാക്കുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ സ്ഥാപനങ്ങളെ ജല നിയമ പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചു വരുന്നുണ്ട്.

ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും, ഗാർബേജും, എഞ്ചിനിൽ നിന്നുള്ള എണ്ണയും കായൽ മലിനീകരണത്തിന് കാരണമാകുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ജലനിയമ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ നിന്ന് ശേഖരിക്കുന്ന സീവേജ് കരയിലെത്തിച്ച് സംസ്കരിക്കുന്നതിനായി നീലംപേരൂർ പഞ്ചായത്തിലെ കുന്നുമ്മ വില്ലേജിൽ 180 കെഎൽഡി ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. സീവേജ് മാലിന്യം കരയിലെ സ്വന്തമായ സീവേജ് സംസ്കരണ സംവിധാനം വഴിയോ, പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും എഞ്ചിനിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ, ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും, ചെയ്യുന്ന ഹൗസ് ബോട്ടുകൾക്കു മാത്രമാണ് അനുമതി പുതുക്കി നൽകി വരുന്നത്.

| | |
|---|---|
| ബി) കഴിഞ്ഞ 5 വർഷ കാലയളവിൽ കായൽ കൈയ്യേറ്റം, മലിനീകരണം എന്നിവ സംബന്ധിച്ച ലഭിച്ച പ്രധാന പരാതികൾ എന്തെല്ലാമാണെന്നും | ബി) ആലപ്പുഴ ജില്ലയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലം മൂലം കായൽ മലിനീകരിക്കപ്പെട്ടതായി പരാതികൾ ലഭിച്ചിട്ടുണ്ട്. |

ഇവയിന്മേൽ സ്വീകരിച്ച നടപടികൾ ഏന്തൊക്കെയാണെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

1.ഫുഡ്കോ ഡെലിക്കസീസ്, തൃച്ചാറ്റുകളം

2.ഹോട്ടൽ റമദ, ആലപ്പുഴ

ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ടി സ്ഥാപനങ്ങൾ ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുതിനാൽ നിലവിൽ പരാതികളില്ല.

വേമ്പനാട്ട് കായലിലേക്ക് എത്തുന്ന ചിലവന്നൂർ കായലിലെ ജലത്തിന്റെ ഗുണനിലവാരം മോശമാണെന്ന പരാതി ലഭിച്ചിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

ശക്തികുളങ്ങരയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെഅനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡുകളിൽ നിന്നുള്ള മലിനജലം ഓടവഴി അഷ്ടമുടി കായലിലേക്ക് എത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. അതിനെ തുടർന്ന് മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് ടി യൂണിറ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കായൽ കൈയ്യേറ്റത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വരുന്നു.

സി) വേമ്പനാട്ടു കായലിൽ ഓരുവെള്ളം കടക്കാനുള്ള തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തന ക്ഷമതയും നിലവിലെ സ്ഥിതിയും എന്താണെന്നും മുൻ സർക്കാർ ഇതിനായി എന്തു നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ചെലവാക്കി എന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

സി) വേമ്പനാട്ടു കായലിൽ ഓരുവെള്ളം കടക്കാതിരിക്കുവാനുള്ള തണ്ണീർമുക്കം ബണ്ടിന്റെ ആധുനിക വത്കരണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ആയതിന്റെ ഭാഗമായി ബണ്ടിന്റെ മദ്ധ്യഭാഗ നിർമ്മാണം (മൂന്നാം ഘട്ടം) 62 ശതമാനം പൂർത്തിയായി. അതിലേക്കായി ഇതുവരെ 94,15,02,457/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഡി) സംസ്ഥാനത്തെ കായലുകളിൽ മനുഷ്യ വിസർജ്യം, ഹാനികരമായ

ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എല്ലാ വർഷവും കായലുകൾ

| | |
|---|---|
| സൂക്ഷ്മ ജീവികൾ, ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം, ഫാക്ടറി മാലിന്യങ്ങൾ എന്നിവ മൂലമുണ്ടാകുന്ന മലിനീകരണത്തിന്റെ തോത് (കായൽ തിരിച്ച്) വ്യക്തമാക്കാമോ; | ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ ജലഗുണ നിലവാരം തിട്ടപ്പെടുത്തി വരുന്നു. |

ആക്കുളം കായലിൽ ആക്കുളം പാലത്തിനു സമീപത്തും അഷ്ടമുടി കായലിൽ നീണ്ടകര ഫിഷിംഗ് ഹാർബറിനു സമീപത്തും, പരവൂർ കായലിൽ റയിൽവേ സ്റ്റേഷനു സമീപവും, വേമ്പനാട് കായലിൽ - പാതിരാമണലിലും, ഓയിൽ ടാങ്കർ ജെട്ടിക്ക് സമീപത്തും, പുന്നമട (ആലപ്പുഴ)യിലും, കൊടങ്ങല്ലൂർ കായൽ, കായംകുളം കായൽ എന്നിവിടങ്ങളിലും ഓരോ സാമ്പിളിംഗ് സ്റ്റേഷനുകൾ വീതം ഏർപ്പെടുത്തിയിട്ടുണ്ട്.

2015-ലെ മാസന്തോറുമുള്ള പരിശോധന അനുസരിച്ച് ഗുണനിലവാര ഘടകങ്ങളുടെ ശരാശരി അളവ് ചുവടെ ചേർക്കുന്നു.

<u>ആക്കുളം കായൽ:-</u>

പി.എച്ച് - 6.73, ഡിസോൾവിഡ് ഓക്സിജൻ - 6.23, ബി.ഒ.ഡി - 5.4, ടോട്ടൽ കോളിഫോം - 1678, ഫീക്കൽ കോളിഫോം - 534

<u>അഷ്ടമുടികായൽ:-</u>

പി.എച്ച് - 7.54, ഡിസോൾവിഡ് ഓക്സിജൻ - 5.26, ബി.ഒ.ഡി - 2.34, ടോട്ടൽ കോളിഫോം - 915, ഫീക്കൽ കോളിഫോം - 350

<u>പരവൂർ കായൽ:-</u>

പി.എച്ച് - 7.44, ഡിസോൾവിഡ് ഓക്സിജൻ - 6.36, ബി.ഒ.ഡി - 1.81, ടോട്ടൽ കോളിഫോം - 651, ഫീക്കൽ കോളിഫോം - 254

<u>വേമ്പനാട്ട് കായലിലെ</u>

<u>പാതിരാമണൽ :-</u>

പി.എച്ച് - 6.85, ഡിസോൾവിഡ് ഓക്സിജൻ - 6.5, ബി.ഒ.ഡി - 2, ടോട്ടൽ കോളിഫോം - 805, ഫീക്കൽ കോളിഫോം - 475

ഓയിൽ ടാങ്കർ ജെട്ടി:-

പി.എച്ച് - 7.6, ഡിസോൾവിഡ് ഓക്സിജൻ - 4.5, ബി.ഒ.ഡി - 2.76, ടോട്ടൽ കോളിഫോം - 162, ഫീക്കൽ കോളിഫോം - 77

പുന്നമട കായൽ:-

പി.എച്ച് - 6.82, ഡിസോൾവിഡ് ഓക്സിജൻ - 5.46, ബി.ഒ.ഡി - 1.84, ടോട്ടൽ കോളിഫോം - 1388, ഫീക്കൽ കോളിഫോം - 834

കൊടുങ്ങല്ലൂർ കായൽ:-

പി.എച്ച് - 7.57, ഡിസോൾവിഡ് ഓക്സിജൻ - 5.3, ബി.ഒ.ഡി - 2.63, ടോട്ടൽ കോളിഫോം - 109, ഫീക്കൽ കോളിഫോം - 54

കായംകുളം കായൽ:-

പി.എച്ച് - 6.99, ഡിസോൾവിഡ് ഓക്സിജൻ - 4.06, ബി.ഒ.ഡി - 2.7, ടോട്ടൽ കോളിഫോം - 671, ഫീക്കൽ കോളിഫോം - 449

**സെക്ഷൻ ഓഫീസർ**